**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2719** **14-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | **കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ-പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടി- സ്ഥാനത്തിലും പദ്ധതിയുടെ പ്രാരംഭഘട്ടത്തിലെ ഗുണഭോക്താക്കളാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ പ്രതിമാസ പ്രീമിയം തുക അവരുടെ ശമ്പളത്തിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ അവരുടെ പ്രതിമാസ പെൻഷനിൽ നിന്നും ഈടാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മേൽ ജീവനക്കാരെ ഉൾപ്പെടുത്തി പദ്ധതി ആരംഭിച്ചു കഴിഞ്ഞതിനാൽ ആദ്യ പോളിസി കാലയളവായ 2022-25 -ൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല** |

സെക്ഷൻ ഓഫീസർ